# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## വി പി എൽ പി സ്കൂൾ

## കാരത്തൂർ

# PROFILE

| | |
|---|---|
| Name Of School | VPLPS KARATHUR |
| Year Of Establishment | 1952 |
| Name of Village | Thirunavaya |
| Name Of Panchayath | Thirunavaya |
| Name Of Cluster | Edakkulam |
| Name of Block | Tirur |
| Name Of BRC | Tirur |
| Name Of District | Malappuram |
| Name Of HM | Sheena kuriakose |
| Mobile Number | 9605421567 |
| Senior Assistant | Nasheela. KC |
| Mobile Number | 9061137777 |
| Email ID | hmvplpskarathur@gmail |
| School Code | 19729 |
| School Manager | Fathima. T.V |
| Mobile Number | 9020591912 |
| | |

# ആമുഖം

മലപ്പുറം ജില്ലയിൽ തുഞ്ചന്റെ നാടായ തിരൂരിനും മാമാങ്ക വേദിയായിരുന്ന തിരുനാവായക്കും നടുവിലായി കിടക്കുന്ന കാരത്തൂർ എന്ന സ്ഥലത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1952ൽ ആരംഭിച്ച വിദ്യാലയം വിദ്യാപീഠം ലോവർ പ്രൈമറി സ്കൂൾ എന്ന് നാമകരണം ചെയ്യപ്പെട്ടു. CK അബൂബക്കർ ആയിരുന്നു സ്കൂളിന്റെ മാനേജർ. അദ്ദേഹം മരണപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യ TV പാത്തിമയാണ് സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ. തുടക്കത്തിൽ 5ാം ക്ലാസ് വരെയായിരുന്ന വിദ്യാലയത്തിൽ ഇപ്പോൾ 1 മുതൽ 4 വരെയുള്ള ക്ലാസുകളുടെ രണ്ട് ഡിവിഷൻ വീതമാണുള്ളത്. 10+1 (HTV) അധ്യാപകരാൽ നയിക്കപ്പെടുന്ന വിദ്യാലയത്തിൽ ഇപ്പോൾ ____ കുട്ടികൾ പഠിക്കുന്നുണ്ട്. ഇത് കൂടാതെ PTA യുടെ കീഴിൽ LKG, UKG ക്ലാസുകളും പ്രവർത്തിക്കുന്നുണ്ട്. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ പുതിയ കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

വർഷങ്ങളായി പഞ്ചായത്ത് തല കലാകായിക മേളകളിൽ സജീവമായി പങ്കെടുക്കാറുള്ള വിദ്യാലയത്തിലെ കുട്ടികൾക്ക് നിരവധി സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. 4 കുട്ടികൾക്ക് LSS സ്കോളർഷിപ്പ് നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ വർഷങ്ങളിലും LSS വിജയികളെ വാർത്തെടുക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവനും ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടികൾക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കികൊടുക്കുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ പഠനപിന്തുണ ഉറപ്പാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടത്തുക.
- ക്വിസ് മത്സരങ്ങൾ നടത്തി പൊതുവിജ്ഞാനം ഉറപ്പാക്കുക
- പാരിസ്ഥിതിക അവബോധം, സാമൂഹികാവബോധം മാലിന്യനിർമാർജന അവബോധം എന്നിവ ഉണ്ടാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു.

| STD | ഡിവിഷനുകളുടെ എണ്ണം | ആകെ കുട്ടികൾ | | |
| --- | --- | --- | --- | --- |
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| I | 2 | 23 | 26 | 49 |
| II | 2 | 26 | 25 | 51 |
| III | 2 | 14 | 21 | 35 |
| IV | 2 | 21 | 13 | 34 |
| ആകെ | | 84 | 85 | 169 |

# അക്കാദമികനേട്ടങ്ങൾ

കാരത്തൂർ പ്രദേശത്തെ സാധാരണക്കാരുടെ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയമാണ് കാരത്തൂർ വി.പി.എൽ.പി സ്കൂൾ. പാഠ്യേതരപ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കി വരുന്നു. ദിനാചരണപ്രവർത്തനങ്ങൾ ക്ലബുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ വർഷം ആരംഭിച്ച സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ ഈ വർഷവും 2,3,4 ക്ലാസുകളിൽ തുടർന്നു നടത്തിവരുന്നുണ്ട്. സ്കൂളിന്റെ തനത് പ്രവർത്തനമായി ദിവസേന ഒരു GK ചോദ്യം (ഒരു ദിനം ഒരറിവ്) സ്കൂൾ ഗ്രൂപ്പിൽ നൽകുകയും അവ രക്ഷിതാക്കൾ GK യുടെ നോട്ട്ബുക്കിൽ എഴുതിവച്ച് മാസാവസാനം ക്വിസ് മത്സരം നടത്തുകയും വർഷാവസാനം പത്ത് മാസങ്ങളിലെ ചോദ്യങ്ങളുൾപ്പെടുത്തി രക്ഷിതാക്കൾക്കും കുട്ടികൾക്കും ഗ്രാന്റ് ഫിനാലെ നടത്തി സമ്മാനം നൽകുന്നുമുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സ്കൂളിന്റെ തനത് പ്രവർത്തനമായി ഓരോ ക്ലാസിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനക്ലാസ് (ഉയരെ) ശനിയാഴ്ചകളിൽ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ അധ്യാപകർക്കും ഈ പദ്ധതിയുടെ ചുമതല നൽകിയിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷ പരിപോഷിപ്പിക്കുന്നതിനായി Easy English. സ്കൂളിന്റെ മറ്റൊരു തനത് പ്രവർത്തനമായി നടപ്പിലാക്കുന്നുണ്ട്. ഓരോ മാസവും ഓരോ വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്ക് Description നൽകുകയും കുട്ടികൾ അത് പഠിച്ച് ഒരു മാസത്തിനുള്ളിൽ video എടുത്ത് ക്ലാസ് ഗ്രൂപ്പുകളിൽ അയക്കുകയും ചെയ്യുന്നുണ്ട്.

കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ ദിവസവും അവസാനത്തെ പിരിയഡ് ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ സൂംബാ പരിശീലനം നടത്തിവരുന്നുണ്ട്.

# അക്കാദമിക വിലയിരുത്തൽ

കുട്ടികളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിന് വേണ്ടി അധ്യയനവർഷാരംഭത്തി-ൽ തന്നെ എല്ലാ വിഷയങ്ങളിലും Pre test നടത്തുകയും ഇതിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പദ്ധതി (ഉയരെ) നടപ്പിലാക്കി പരിശീലനം നൽകുകയും ചെയ്തുവരുന്നു. ഇതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ SRG, CPTA ഇവയിൽ ചർച്ച ചെയ്ത് തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആണിത്.

# നിഗമനങ്ങൾ ലക്ഷ്യങ്ങൾ

കാരത്തൂർ ജി എം എൽ പി സ്കൂളിന്റെ നിലവിലെ ഭൗതിക സാംസ്കാരിക അക്കാദമിക സാഹചര്യങ്ങളിൽ മേന്മകൾ കണ്ടെത്താൻ കഴിയുമെങ്കിലും പരിമിതികളുമുണ്ട്. അവയെ മനസ്സിലാക്കി വിലയിരുത്തി അതാത് മേഖലകളിലെ പോരായ്മകൾ പരിഹരിക്കാനും മെച്ചപ്പെടുത്താനും വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും ഗുണപ്രദവുമായ പഠന സാഹചര്യം ഒരുക്കാനും പോരായ്മകളും ലഭ്യമായ വിഭവങ്ങളെ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കലും ഉയർന്ന ആരോഗ്യ ശുചിത്വ സംവിധാനങ്ങൾ ഉറപ്പുവരുത്തലും അതിലൂടെ വിദ്യാലയത്തെ മികവുറ്റതാക്കി മാറ്റാനും അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു. അതിനായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഒറ്റനോട്ടത്തിൽ

ആമുഖം

മേഖല

| | പ്രോജക്ടുകൾ / ഉപമേഖലകൾ | അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|---|---|
| 1 | വിജയസ്പർശം | | | |
| 2 | മാതൃഭാഷാപഠനം - സചിത്ര സംയുക്തഡയറി, റീഡേഴ്സ് തിയേറ്റർ, രചനോത്സവം ഉയരെ | | | |
| 3. | അറബിഭാഷാപഠനം | | | |
| 4 | ഗണിതപഠനം (ഗണിതം മധുരം) | | | |
| 5 | Efficiency in English (Spoken English, Easy English Hello English. | | | |
| 6 | IT അധിഷ്ഠിതപഠനം | | | |
| 7 | ശാസ്ത്രപഠനം | | | |
| 8 | ഒരു ദിനം ഒരറിവ് | | | |
| 9 | ലൈബ്രറി ശാക്തീകരണം ക്ലാസ്സ്തല ലൈബ്രറി ഒരുക്കൽ | | | |
| 10 | സ്കൂളിനൊരു പിറന്നാൾ സമ്മാനം | | | |
| 11 | അമ്മ വായന | | | |
| 12 | ഫീൽഡ്ട്രിപ്പ് | | | |
| 13 | പത്രപാരായണം | | | |
| 14 | സാമൂഹിക പിന്തുണാപ്രവർത്തനം | | | |
| 15 | മാലിന്യസംസ്കരണം | | | |
| 16 | ആരോഗ്യസുരക്ഷ | | | |
| 17 | കായികപരിശീലനം (സുംബ) | | | |
| 18 | ലഹരിബോധവത്കരണ ക്ലാസ് | | | |
| 19 | ജൈവവൈവിധ്യം | | | |

# മേഖല : അക്കാദമികം
# ഉപമേഖല : ഒരു ദിനം ഒരറിവ്

## ലക്ഷ്യങ്ങൾ

- ഒരു ദിനം ഒരറിവ് കുട്ടി നേടുന്നതിന്
- ക്വിസ് മത്സരങ്ങളിൽ താല്പര്യപൂർവ്വം പങ്കെടുക്കുന്നതിന് പ്രാപ്തി നേടുന്നതിന്.

## പ്രവർത്തനങ്ങൾ

- ദിവസേന പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ചോദ്യം സ്കൂൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ അയക്കുന്നു
- രക്ഷിതാക്കളും വിദ്യാർത്ഥികളും അവ പ്രത്യേകം നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു.
- മാസാവസാനം ക്ലാസ് ടീച്ചർ വിലയിരുത്തുന്നു.
- മാസാവസാനം കുട്ടികൾക്ക് ക്വിസ് മത്സരം നടത്തുന്നു.
- വർഷാവസാനം രക്ഷിതാക്കൾക്കും കുട്ടികൾക്കും മെഗാ ക്വിസ് മത്സരം നടത്തുന്നു.
- വിജയികൾക്ക് സമ്മാനം നൽകുന്നു.

## ധനകാര്യം

അധ്യാപകർ
മാനേജർ

## ചുമതല

നസ്‌ല

## സ്രോതസ്സ്

അധ്യാപകർ

## മോണിറ്ററിംഗ്

HM , SRG കൺവീനർ

## കാലയളവ്

1 വർഷം

# മേഖല : അക്കാദമികം 'ഉയരെ'

## ഉപമേഖല : അടിസ്ഥാനശേഷി - ഉറപ്പിക്കൽ

## ലക്ഷ്യങ്ങൾ

കുട്ടികളിൽ മലയാളത്തിലെ അടിസ്ഥാനശേഷികളായ വായന, ലേഖനം തുടങ്ങിയവ ഉറപ്പിക്കുന്നതിന്.
അടിസ്ഥാന ഗണിതശേഷി ഉറപ്പിക്കുന്നതിന്.
ഇംഗ്ലീഷ് അടിസ്ഥാനശേഷി ഉറപ്പിക്കുന്നതിന്.

## പ്രവർത്തനങ്ങൾ

2,3,4 ക്ലാസുകളിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നു. അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തതിന്റെ ഭാഗമായി 'ഉയരെ' പദ്ധതി നടപ്പിലാക്കുന്നു.

## ധനകാര്യം

സാമഗ്രികൾ - 4000 രൂപ

## ചുമതല

അധ്യാപകർ

## സ്രോതസ്

PTA

## മോണിറ്ററിംഗ്

HM

## കാലയളവ്

ജൂൺ - ഫെബ്രുവരി

മേഖല : അക്കാദമികം

ഉപമേഖല : വൈജ്ഞാനികം

പത്രപാരായണം

**ലക്ഷ്യങ്ങൾ**

- വായനാശീലം മെച്ചപ്പെടുത്തുന്നതിന്
- ദൈനംദിന വാർത്തകൾ അറിയുന്നതിന്.

**പ്രവർത്തനങ്ങൾ**

- പത്രം ദൈനംദിനം സ്കൂളിലെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- പ്രാർത്ഥനയെ തുടർന്ന് ഓരോ ക്ലാസിലെയും ഓരോ കുട്ടി വീതം ദിവസേന പത്രവായന മൈക്കിലൂടെ നടത്തുന്നു.

**ധനകാര്യം**

സ്പോൺസർമാർ

**ചുമതല**

പ്രിൻസി അബ്ദുൽ റസാഖ്

**സ്രോതസ്സ്**

സ്പോൺസർമാർ

**മോണിറ്ററിംഗ്**

HM

അസംബ്ലി ഇൻ ചാർജ്

**കാലയളവ്**

1 വർഷം

# മേഖല - അക്കാദമികം

## ഉപമേഖല : സ്കൂളിനൊരു പിറന്നാൾ സമ്മാനം

**ലക്ഷ്യങ്ങൾ**

- കുട്ടികളെ പരിസ്ഥിതിയുമായി കൂട്ടിയിണക്കുന്നതിന്
- ജൈവവൈവിധ്യം തിരിച്ചറിയുന്നതിന്.
- ചുറ്റുപാടുമുള്ള മരങ്ങളെ കുറിച്ച് അറിയുന്നതിനും ഗുണമേന്മ തിരിച്ചറിയുന്നതിനും.

**പ്രവർത്തനങ്ങൾ**

- കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾ ദിനം കണ്ടെത്തുന്നു.
- പിറന്നാൾ ദിനത്തിൽ താൽപര്യമുള്ള മുഴുവൻ അധ്യാപകരും വിദ്യാർത്ഥികളും വിദ്യാലയ അങ്കണത്തിൽ മരങ്ങളും ചെടികളും നടുന്നു.

**ധനകാര്യം**

അധ്യാപകർ
രക്ഷിതാക്കൾ
PTA

**ചുമതല**

പ്രിൻസി , ബിനിഷ്

**സ്രോതസ്സ്**

പഞ്ചായത്ത് , PTA

**മോണിറ്ററിംഗ്**

HM , SRG Convenor

**കാലയളവ്**

1 വർഷം

## മേഖല : അക്കാദമികം
## ഉപമേഖല : ഫീൽഡ്ട്രിപ്പ്

**ലക്ഷ്യങ്ങൾ**

- പരിസ്ഥിതിയെ തിരിച്ചറിയുന്നതിന്
- വിവിധ കൃഷിരീതികൾ തിരിച്ചറിയുന്നതിന്
- പഞ്ചായത്തിലുള്ള മഹാശിലാസ്മാരകങ്ങൾ സന്ദർശിക്കുന്നതിന്.
- പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന്.

**പ്രവർത്തനങ്ങൾ**

- നാട്ടിലെ ജലസ്രോതസുകൾ സന്ദർശിക്കുന്നു.
- നാട്ടിലെ വിവിധ കൃഷിരീതികൾ കണ്ടെത്തുന്നു. പ്രാധാന്യം മനസിലാക്കുന്നു.
- താമരക്കായൽ തിരുന്നാവായ പഞ്ചായത്തിലെ ചരിത്ര പ്രാധാന്യമുള്ള മഹാശിലാസ്മാരകങ്ങൾ സന്ദർശിക്കുന്നു
- പോസ്റ്റോഫീസ്, പോലീസ് സ്റ്റേഷൻ, കോടതി റെയിൽവേ സ്റ്റേഷൻ എന്നിവ സന്ദർശിക്കുന്നു.

**ധനകാര്യം**

PTA

**ചുമതല**

ബിനിഷ്, പ്രിൻസി, കവിത.

**സ്രോതസ്സ്**

PTA

**മോണിറ്ററിംഗ്**

HM
SRG convenor

**കാലയളവ്**

1 വർഷം.

# മേഖല : അക്കാദമികം

## ഉപമേഖല: Efficiency in English

### ലക്ഷ്യങ്ങൾ

ഇംഗ്ലീഷ് ഭാഷാപഠനം പ്രോത്സാഹിപ്പിക്കുന്നതിന്.

### പ്രവർത്തനങ്ങൾ

ഓരോ മാസവും ഓരോ Topic നൽകുന്നു. (Description നൽകുന്നു.) മാസാവസാനം Description അവതരിപ്പിക്കുന്നത് വീഡിയോ എടുത്ത് ക്ലാസ് അധ്യാപകർക്ക് അയക്കുന്നു.

### ധനകാര്യം

PTA

### ചുമതല

ക്ലാസ് അധ്യാപകർ

### സ്രോതസ്

PTA

### മോണിറ്ററിംഗ്

HM

### കാലയളവ്

ഒരു വർഷം

## മേഖല : അക്കാദമികം

## ഉപമേഖല : അമ്മവായന

## ലക്ഷ്യങ്ങൾ

കുട്ടികളിലെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന്.

## പ്രവർത്തനങ്ങൾ

ആഴ്ചയിൽ ഓരോ വായനാസാമഗ്രി കുട്ടികൾക്ക് വീട്ടിലേക്ക് കൊടുത്തുവിടുന്നു. കുട്ടികൾ അവ ക്ലാസിൽ അവതരിപ്പിക്കുന്നു.

## ധനകാര്യം

PTA , സ്പോൺസർ

## ചുമതല

ക്ലാസ് അധ്യാപകർ

## മോണിറ്ററിംഗ്

HM

## കാലയളവ്

ആഗസ്റ്റ് – ജനുവരി

## മേഖല: അക്കാദമികം

## ഉപമേഖല: കായികം (സൂംബ)

### ലക്ഷ്യങ്ങൾ

കുട്ടികളിലെ മാനസിക - ഉല്ലാസം നൽകുന്നതിനും കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിന്.

### പ്രവർത്തനം

ക്ലാസ്തലത്തിൽ അധ്യാപികയുടെ നേതൃത്വത്തിൽ സൂംബ പരിശീലിപ്പിക്കുന്നു.

### ചുമതല

ക്ലാസ് അധ്യാപകർ

### മോണിറ്ററിംഗ്

HM

### കാലയളവ്

1 വർഷം